# Malayala Manorama
# 24 August 2018
# Idukki; Dam

# ജലനിരപ്പുയരുന്നെങ്കിലും ഇടുക്കി തുറക്കുന്നില്ല

## ഇടമലയാർ അണക്കെട്ട് ഇന്നു രാവിലെ തുറക്കും

**സ്വന്തം ലേഖകർ**

ജലനിരപ്പുയരുന്നുണ്ടെങ്കിലും ഇടുക്കി അണക്കെട്ടു തൽക്കാലം തുറക്കേണ്ടെന്നു വൈദ്യുതി ബോർഡിന്റെ തീരുമാനം. 2403 അടിയാണ് അണക്കെട്ടിലെ പരമാവധി സംഭരണശേഷി.

ഇന്നലെ രാത്രി പത്തിനു രേഖപ്പെടുത്തിയ ജലനിരപ്പ് 2397.50 അടി.

ജലനിരപ്പ് 2398 അടിയെത്തിയാൽ ട്രയൽ റൺ എന്ന നിലയിൽ ചെറുതോണി അണക്കെട്ടിന്റെ ഒരു ഷട്ടർ ഉയർത്താനായിരുന്നു ആദ്യ തീരുമാനം. ഇതു തൽക്കാലം മാറ്റിവച്ചു.

ഇടുക്കി പദ്ധതിപ്രദേശത്ത് ഇന്നലെ കനത്ത മഴയായിരുന്നു.

മൂലമറ്റം വൈദ്യുത നിലയത്തിൽ ഉൽപാദനം പൂർണതോതിൽ നടന്നു.

13.56 ദശലക്ഷം യൂണിറ്റ് ഉൽപാദിപ്പിച്ചു.24.24 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനാവശ്യമായ വെള്ളമാണ് ഇന്നലെ ഒഴുകിയെത്തിയത്.

ജലസംഭരണിയിൽ 92.58% വെള്ളമാണ് ഇപ്പോഴുള്ളത്.

### ഇരിട്ടിയിൽ ഉരുൾപൊട്ടൽ: രണ്ടു മരണം

കണ്ണൂർ● ജില്ലയുടെ മലയോരങ്ങളിൽ വ്യാപക ഉരുൾപൊട്ടൽ. വീടു തകർന്നു രണ്ടുപേർ മരിച്ചു. ഇരുപതിലേറെ സ്ഥലങ്ങളിൽ ഒരേസമയം ഉണ്ടായ ഉരുൾപൊട്ടലിൽ നൂറിലേറെ കുടുംബങ്ങൾ ഒറ്റപ്പെട്ടു.

അയ്യൻകുന്ന് പഞ്ചായത്തിലെ എടപ്പുഴ കീഴങ്ങാനത്താണ് വീടു തകർന്ന് ഇമ്മട്ടിയിൽ തോമസ് (80), മകൻ ജെയ്സന്റെ ഭാര്യ ഷൈനി (42) എന്നിവർ മരിച്ചത്. വൈകിട്ട് നാലരയോടെ കീഴങ്ങാനം മലയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ മരങ്ങളും കല്ലും വീടിനു മുകളിലേക്ക് പതിക്കുകയായിരുന്നു. ഏഴരയോടെയാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. ജെയ്സണും മകൻ അഖിലും വീട്ടിൽ ഇല്ലായിരുന്നു.

ഇന്നും കനത്ത മഴ തുടരും. ശക്തമായ കാറ്റിനും കടൽക്ഷോഭത്തിനും സാധ്യതയുള്ളതിനാൽ മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നു മുന്നറിയിപ്പുണ്ട്.ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ തുടരുന്ന മഴ കനത്ത നാശം വിതച്ചു.

ഇടുക്കിയിൽ രാജകുമാരി ചെമ്മണ്ണാറിൽ ഉരുൾപൊട്ടി.തൃശൂരിൽ കുതിരാൻ തുരങ്കമുഖത്ത് മണ്ണിടിഞ്ഞു വീണു. ചാലക്കുടി, വാഴാനി പുഴകൾ കര കവിഞ്ഞു. അതിരപ്പിള്ളി വിനോദ സഞ്ചാര കേന്ദ്രം അടച്ചു. തുമ്പൂർമുഴി പാർക്ക് അടച്ചു.

വെള്ളപ്പൊക്ക ഭീഷണിയെ തുടർന്ന് അതിരപ്പിള്ളി, വാഴച്ചാൽ, പെരിങ്ങൽക്കുത്ത് വിനോദകേന്ദ്രങ്ങൾ അടച്ചു. പെരിങ്ങൽക്കുത്ത്, ഷോളയാർ ഡാമുകൾ അനിയന്ത്രിതമായ തോതിൽ വെള്ളം എത്തിയതിനെ തുടർന്ന് ഉച്ചയ്ക്ക് പന്ത്രണ്ടോടെ കൂടുതൽ തുറന്നു.

തമിഴ്നാട് ഷോളയാർ ഡാം കൂടി തുറന്നതോടെ ചാലക്കുടിപ്പുഴയിൽ ക്രമാതീതമായ തോതിൽ ജലനിരപ്പുയർന്നു. ചാർപ്പ വെള്ളച്ചാട്ടം അതിശക്തമായതോടെ ഇതുവഴിയുള്ള ഗതാഗതം തടസ്സപ്പെട്ടു.

അതിരപ്പിള്ളിയിൽ വാഹനങ്ങൾക്കു വിലക്കേർപ്പെടുത്തി.

## ഇടമലയാർ: ഒരു ഷട്ടർ തുറക്കും

കോതമംഗലം ● ഇടമലയാർ അണക്കെട്ടിന്റെ ജലസംഭരണി ഇന്നു രാവിലെ അഞ്ചിനു തുറക്കും. സംഭരണിയിലെ ജലവിതാനം ക്രമാതീതമായി ഉയർന്നതിനെത്തുടർന്നാണു നടപടി. പദ്ധതി പ്രദേശത്ത് രണ്ടു ദിവസമായി തുടരുന്ന കനത്ത മഴമൂലം സംഭരണിയിലേക്കുള്ള നീരൊഴുക്ക് ശക്തമായിരുന്നു. നേരത്തേ ഓറഞ്ച് അലർട്ട് നൽകിയിരുന്ന ഡാമിൽ ജലനിരപ്പ് കൂടിയതിനെത്തുടർന്ന് ഇന്നലെ ഉച്ചയോടെ റെഡ് അലർട്ട് പുറപ്പെടുവിച്ചു. ഡാമിന്റെ പരമാവധി സംഭരണശേഷി 171 മീറ്ററാണ്. 168.95 മീറ്റർ ആണ് ഇന്നലെ രാത്രിയിലെ ജലവിതാനം. 170 മീറ്ററാകുമ്പോൾ ഷട്ടറുകൾ തുറക്കുവാനുള്ള തീരുമാനത്തിലാണ് അധികൃതർ.

ഡാമിന്റെ നാലു ഷട്ടറുകളിൽ ഒരെണ്ണമാണ് ആദ്യം തുറക്കുക. തുടക്കത്തിൽ സെക്കന്റിൽ 82 ഘനമീറ്റർ വെള്ളം തുറന്നുവിടും. പിന്നീടു സംഭരണിയിലേക്കുള്ള നീരൊഴുക്കിനെ ആശ്രയിച്ച് മറ്റു ഷട്ടറുകൾ വേണ്ടിവന്നാൽ തുറക്കാനാണു തീരുമാനം. പെരിയാറ്റിൽ ജലനിരപ്പ് ഉയരുവാൻ സാധ്യതയുണ്ടെന്ന് അധികൃതർ മുന്നറിയിപ്പു നൽകി.

ഷട്ടറുകൾ തുറന്നാൽ വെള്ളം ആദ്യം ഒഴുകിയെത്തുക കുട്ടമ്പുഴയാറിലേക്കാണ്. അവിടെനിന്നു പൂയംകുട്ടിയാറുമായി സംഗമിച്ചാണു ഭൂതത്താൻകെട്ട് അണക്കെട്ടിലേക്ക് ഒഴുകുന്നത്. ഭൂതത്താൻ കെട്ടിൽനിന്ന് ഒരു കിലോ മീറ്റർ അകലെയുള്ള കൂട്ടിക്കലിൽ തട്ടേക്കാട് വഴി ഒഴുകിയെത്തുന്ന പെരിയാറുമായി ഇടമലയാർ പുഴ സംഗമിക്കും. ഇടുക്കി ഡാം തുറന്നാലും ലോവർ പെരിയാർ-നേര്യമംഗലം-തട്ടേക്കാട് വഴി ഭൂതത്താൻകെട്ടിലേക്കാണു വെള്ളം ഒഴുകിയെത്തുക. രണ്ട് അണക്കെട്ടുകളും ഒരേ സമയം തുറന്നാലും അതിനെ അതിജീവിക്കുവാൻ തക്ക രീതിയിൽ ഭൂതത്താൻകെട്ട് അണക്കെട്ടിലെ 15 ഷട്ടറുകളും ഉയർത്തിവച്ചിട്ടുണ്ട്.

ഇടമലയാർ അണക്കെട്ട് പ്രവർത്തനം ആരംഭിച്ചശേഷം ഷട്ടറുകൾ തുറക്കേണ്ടിവരുന്നത് ഇത് ഏഴാംവട്ടമാണ്. 2013 ഓഗസ്റ്റ് നാലിനാണ് അവസാനമായി തുറന്നത്. 1992, 1994, 1998, 2005, 2007 എന്നീ വർഷങ്ങളിലും അണക്കെട്ട് നിറഞ്ഞതിനെത്തുടർന്നു തുറന്നുവിട്ടിരുന്നു.

കെഎസ്ഇബി എക്സി. എൻജിനീയർ കെ. സുമ, അസി. എക്സി.എൻജിനീയർ സി. ലത, എൻജിനീയർമാരായ എൻ.പി. ആദം, യു.ജെ. ആനി, ബെന്നി ജോൺ, കെ.എസ്. ജെയ്ൻ, എം. സലിം എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം പദ്ധതിപ്രദേശത്ത് ക്യാംപു ചെയ്യുന്നുണ്ട്.